# first bell-02

# സാമൂഹ്യ ശാസ്ത്രം–I

# CHAPTER-5




BIJU KK, GHSS TUVVUR, MALAPPURAM 2021-22

പൊതുവായ മതമോ, ഭാഷയോ, ഭൂമിശാസ്ത്ര സവിശേഷതകളോ അവകാശപ്പെടാനില്ലെങ്കിലും ഒത്തൊരുമയോടെ നില കൊള്ളുന്ന മഹത്തായ ഭാരതം ലോകത്തിനെന്നും വിസ്മയമാണ്. ഈ വിസ്മയത്തിന്റെ അടിസ്ഥാനമായ 'ഇന്ത്യൻ ദേശീയത'യുടെ രൂപപ്പെടലിനു നിരവധി ഘടകങ്ങൾ പങ്കാളികളായിട്ടുണ്ട്.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

# PLAY

# എന്താണ് ദേശീയത?

## ജാതി – മത – വർഗ – പ്രാദേശിക വ്യത്യാസങ്ങൾക്കുപരിയായി ഒരു രാജ്യത്തെ ജനതയുടെ മാനസിക ഐക്യം

**BIJU KK, GHSS TUVVUR, MALAPPURAM 2021-22**

# പത്തൊൻപതാം നൂറ്റാണ്ടിൽ ഇന്ത്യൻ സാംസ്കാരികരംഗത്തും ആശയതലത്തിലും ഉയർന്നു വന്ന പ്രതിഷേധങ്ങൾ ഏവ?

-ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന അസമത്വങ്ങൾക്കും തിന്മകൾക്കും അവകാശ നിഷേധങ്ങൾക്കും എതിരായവ.

-ഇന്ത്യയിൽ ആധിപത്യംസ്ഥാപിച്ചുകൊണ്ടിരിക്കുന്ന സാമ്രാജ്യത്വ ചൂഷണത്തിനെതിരായവ.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

# ഇന്ത്യൻ ദേശീയത രൂപപ്പെടുത്തുവാൻ സഹായിച്ച ഘടകങ്ങൾ ഏതെല്ലാം?

-സാമൂഹ്യ പരിഷ്കരണപ്രസ്ഥാനങ്ങൾ
-പത്രങ്ങൾ
-വിദ്യാഭ്യാസം
-സാഹിത്യം
-കല

# ബ്രിട്ടീഷുകാർ ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യഭ്യാസം നടപ്പിലാക്കിയതിന്റെ ലക്ഷ്യം എന്ത്?

-ബ്രിട്ടീഷ് ഭരണം ശക്തിപ്പെടുത്താൻ ഇന്ത്യൻ ജനതയുടെ ജീവിതത്തെയും സംസ്കാരത്തെയും ആഴത്തിൽ അറിയേണ്ടതുണ്ടെന്ന തിരിച്ചറിവ്.

-അതിനു വേണ്ടി സംസ്കൃതത്തിലും പേർഷ്യനിലും രചിക്കപ്പെട്ട കൃതികൾ പരിഭാഷപ്പെടുത്താൻ.

-കൂടുതൽ പഠനങ്ങൾക്കും ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാനും ഇന്ത്യയിലെ വിദ്യാഭ്യാസ രംഗത്ത് ഇടപെടുന്നതിനുമായി ബ്രിട്ടീഷുകാർ ചില സ്ഥാപനങ്ങൾ സ്ഥാപിച്ചു.


BIJU KK, GHSS TUVVUR, MALAPPURAM 2021-22

–വ്യാപാര വളർച്ചയ്ക്കായി ഇന്ത്യയുടെ സാമൂഹിക രംഗത്ത് ബ്രിട്ടൻ കൂടുതൽ ഇടപെടണമെന്ന് സ്വതന്ത്ര വ്യാപാരത്തിനായി വാദിക്കുന്ന ചിന്തകർ ആവശ്യപ്പെട്ടു.
–ജനപിന്തുണയില്ലാതെ ശക്തമായ പരിഷ്കാരങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കാനാവില്ലെന്ന് ബ്രിട്ടൻ മനസ്സിലക്കി.

–ഇതിനായി ഇന്ത്യൻ ജനതയിൽ ഒരു വിഭാഗത്തിന്റെ പിന്തുണ നേടാൻ ബ്രിട്ടൻ ശ്രമിച്ചു.
–തങ്ങളോട് വിധേയത്വമുള്ള ഒരു ജനതയെ സൃഷ്ടിക്കാൻ.
–അതിനു വേണ്ടി അവർ ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കി.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

ഇന്ത്യൻ സംസ്കാരത്തെക്കുറിച്ച് പഠനങ്ങൾ നടത്തുന്നതിന് ബ്രിട്ടീഷുകാർ ആരംഭിച്ച സ്ഥാപനങ്ങൾ, സ്ഥാപകർ എന്നിവ പട്ടികപ്പെടുത്തുക.



കൽക്കട്ട മദ്രസ – വാറൻ ഹേസ്റ്റിങ്സ്,

BIJU KK, GHSS TUVVUR, MALAPPURAM 2021-22




ഏഷ്യാറ്റിക്ക് സൊസൈറ്റി ഓഫ് ബംഗാൾ – വില്യം ജോൺസ്

BIJU KK, GHSS TUVVUR, MALAPPURAM 2021-22




ബനാറസ് സംസ്കൃത കോളേജ് – ജൊനാഥൻ ഡങ്കൻ

BIJU KK, GHSS TUVVUR, MALAPPURAM 2021-22

രക്തത്തിലും വർണത്തിലും ഇന്ത്യക്കാരും അഭിരുചിയിലും
അഭിപ്രായത്തിലും ധാർമികതയിലും ബുദ്ധിയിലും
ഇംഗ്ലീഷുകാരുമായ ഒരു വർഗത്തെ സൃഷ്ടിക്കുകയാണ്
നമ്മുടെ ലക്ഷ്യം.

- മെക്കാളെ പ്രഭു

ബ്രിട്ടീഷ് കോളനിഭരണം ഇന്ത്യൻ ദേശീയതയുടെ വളർച്ചക്ക് കാരണമായതെങ്ങനെ? Or
ഇന്ത്യൻ ദേശീയതയുടെ വളർച്ചക്ക് വിദ്യാഭ്യാസ രംഗത്തെ പുരോഗതിക്ക് സഹായകമായതെങ്ങനെ?

-ബ്രിട്ടീഷുകാർ ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കി.

-ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഇന്ത്യാക്കാർ ജനാധിപത്യം, സോഷ്യലിസം, സ്വാതന്ത്ര്യം, യുക്തിചിന്ത, തുല്യനീതി, ശാസ്ത്ര ബോധം, പൗരാവകാശം എന്നിവയെക്കുറിച്ച് ബോധവാൻമാരായി.

-ബ്രിട്ടീഷ് ചൂഷണങ്ങൾ ഇന്ത്യാക്കാർ തിരിച്ചറിഞ്ഞു.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

-ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന ദോഷകരമാ സാമൂഹികാചാരങ്ങളെയും, അനുഷ്ഠാനങ്ങളെയും പരിഷ്ക്കരിക്കാൻ ശ്രമിച്ചു.

-ഇതിലൂടെ പാശ്ചാത്യ സംസ്ക്കാരത്തിന്റെ കടന്നു കയറ്റത്തെ ചെറുക്കാൻ ശ്രമിച്ചു.

-ഇതിനായി ഇന്ത്യൻ സമൂഹം, ഭാഷ, കല, സാഹിത്യം എന്നിവ നവീകരിച്ചു.

-ഇത് ഇന്ത്യൻ സമൂഹത്തിൽനിലനിന്ന അസമത്വങ്ങളെയും അവകാശ നിഷേധങ്ങളെയും ചെറുക്കാനും, ഇന്ത്യൻ ജനതയിൽ ദേശീയതയും ഐക്യബോധവും വളരാനും കാരണമായി.

# ഇന്ത്യയിലെ സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ ഏവ?

–ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ അനാചാരങ്ങളെ എതിർക്കുക.

–എല്ലാ മനുഷ്യർക്കും വിവേചനമില്ലാതെ വഴി നടക്കാനും വസ്ത്രങ്ങൾ ധരിക്കാനും വിദ്യാഭ്യാസം നേടാനുമുള്ള പൗരാവകാശങ്ങൾ നേടിയെടുക്കുക.

**BIJU KK, GHSS TUVVUR, MALAPPURAM 2021-22**

# ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾക്കായി സാമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ട് വച്ച ആശയങ്ങളേവ?

–ജാതിവ്യവസ്ഥ നിർമാർജനം ചെയ്യുക.

–എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക.

–സ്ത്രീകൾക്കെതിരായ വിവേചനം അവസാനിപ്പിക്കുക.

–എല്ലാവർക്കും വിദ്യാഭ്യാസം നൽകുക.

–വിധവാ പുനർവിവാഹം നടപ്പിലാക്കുക.

–ശൈശവവിവാഹം നിർത്തലാക്കുക. ചിത്രം

–പുരോഹിത മേതാവിത്വം അവസാനിപ്പിക്കുക.



BIJU KK, GHSS TUVVUR, MALAPPURAM 2021-22

# രാജാ റാം മോഹൻ റായ്

–ഇന്ത്യൻ സമൂഹത്തിൽ ആധുനികവൽക്കരണത്തിനായി വാദിച്ച ആദ്യവ്യക്തി.

–ഇന്ത്യൻ സാമൂഹ്യ പരിഷ്കരണത്തിന്റെ പിതാവ് എന്നറിയപ്പെടുന്നു.

–ജാതി വ്യവസ്ഥയേയും, സതി എന്ന ദുരാചാരത്തെയും ശക്തമായി എതിർത്തു.

–ബ്രഹ്മസമാജം സ്ഥാപിച്ചു.

–ഒരൊറ്റ ഇന്ത്യൻ സമൂഹം എന്ന ആശയം പ്രചരിപ്പിച്ചു.

–സ്ത്രീകളുടെ പദവി ഉയർത്തുന്നതിനായി അവർക്ക് സ്വത്തിൻമേൽ അവകാശം നൽകണമെന്ന് അവശ്യപ്പെട്ടു.

BIJU KK, GHSS TUVVUR, MALAPPURAM 2021-22



BIJU KK, GHSS TUVVUR, MALAPPURAM 2021-22

# ഈശ്വരചന്ദ്ര വിദ്യാസാഗർ

-വിധവകളുടെപുനർവിവാഹത്തിനായി പ്രവർത്തിച്ചു.

-സ്ത്രീകൾക്ക് വിദ്യാലയങ്ങൾ സ്ഥാപിച്ചു.

-അദ്ദേഹത്തിന്റെ ശ്രമഫലമായി 1856-ൽ ബ്രിട്ടീഷുകാർ ഹിന്ദു വിധവാ പുനർവിവാഹ നിയമം പാസാക്കി.

# പണ്ഡിത രമാബായി



–വിധവകൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി ബോംബെയിൽ ശാരദാസദൻ സ്ഥാപിച്ചു.

BIJU KK, GHSS TUVVUR, MALAPPURAM 2021-22



BIJU KK, GHSS TUVVUR, MALAPPURAM 2021-22

| പരിഷ്കരണ പ്രസ്ഥാനങ്ങൾ | പരിഷ്കർത്താക്കൾ | ആശയങ്ങൾ |
|---|---|---|
| • ആര്യസമാജം | • സ്വാമി ദയാനന്ദ സരസ്വതി | • വിഗ്രഹാരാധന, ശൈശവ വിവാഹം എന്നിവയെ എതിർത്തു |
| • രാമകൃഷ്ണമിഷൻ | • സ്വാമി വിവേകാനന്ദൻ | • ജാതിവ്യവസ്ഥ, അനാചാരങ്ങൾ എന്നിവയെ എതിർത്തു.<br>• സ്വാതന്ത്ര്യം, സമത്വം, സ്വതന്ത്രചിന്ത എന്നിവ പ്രോത്സാഹിപ്പിച്ചു. |
| • അലിഗഡ് പ്രസ്ഥാനം | • സർ സയ്യിദ് അഹ്മദ് ഖാൻ | • ഇന്ത്യയിലെ മുസ്‌ലിംകളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കായി വാദിച്ചു. |
| • പ്രാർഥനാസമാജം | • ആത്മാറാം പാണ്ഡുരംഗ് | • മിശ്രഭോജനം, മിശ്രവിവാഹം, വിധവാ പുനർവിവാഹം, സ്ത്രീകളുടെയും പിന്നാക്ക ജനവിഭാഗങ്ങളുടെയും പുരോഗതി എന്നിവയ്ക്കായി നിലകൊണ്ടു. |
| • തിയോസഫിക്കൽ സൊസൈറ്റി | • ആനിബസന്റ് | • ഹിന്ദുമതത്തിന്റെ പുനരുത്ഥാനത്തിനായി നിലകൊണ്ടു. |
| • ഹിതകാരിണി സമാജം | • വീരേശലിംഗം | • വിധവാ പുനർവിവാഹത്തിനും സ്ത്രീകളുടെ വിദ്യാഭ്യാസത്തിനുമായി പ്രചാരണം നടത്തി. |
| • സത്യശോധക് സമാജം | • ജോതിബാ ഫൂലെ | • ദുരാചാരങ്ങളെയും പുരോഹിത മേധാവിത്വത്തെയും എതിർത്തു.<br>• പിന്നാക്കവിഭാഗക്കാർക്കായി വിദ്യാലയങ്ങളാരംഭിച്ചു. |
| • സ്വാഭിമാനപ്രസ്ഥാനം | • ഇ.വി. രാമസ്വാമി നായ്ക്കർ | • ബ്രാഹ്മണമേധാവിത്വത്തെയും ജാതിവ്യവസ്ഥയെയും എതിർത്തു. |
| • ശ്രീനാരായണധർമ പരിപാലനയോഗം | • ശ്രീനാരായണഗുരു | • ജാതിവ്യവസ്ഥയെയും ദുരാചാരങ്ങളെയും എതിർത്തു.<br>• പിന്നാക്കജനവിഭാഗങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കായി നിലകൊണ്ടു. |

# സാമൂഹ്യപരിഷ്കർത്താക്കളുടെയും, പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി ബ്രിട്ടീഷുകാർ നിരോധിച്ച ആനാചാരങ്ങൾ ഏവ?

- ശൈശവവിവാഹം, ബഹുഭാര്യത്വം എന്നിവ നിരോധിച്ചു.
- 12 വയസ്സിന് താഴെ പ്രായമുള്ള പെൺകുട്ടികളുടെ വിവാഹത്തിന് വിലക്ക് എർപ്പെടുത്തി.
- പെൺശിശുഹത്യ നിരോധിച്ചു.
- അടിമത്തം നിരോധിച്ചു.
- സതി നിരോധിച്ചു.
- വിവധവാ പുനർവിവാഹം നടപ്പിലാക്കി.




LARGEST NET SALES of any Daily Newspaper Printed in Northern, Southern, Central or Western India.

REGD. No. B111

# The Times of India

ESTABLISHED 1838

NO. 132. VOL. CIX. BOMBAY: WEDNESDAY, JUNE 4, 1947 PRICE TWO ANNAS DO NOT PAY MORE




# WAY OUT OF INDIAN DEADLOCK

## BRITAIN'S PLAN FOR SMOOTH TRANSFER OF POWER

### Immediate Dominion Status Granted

### PEOPLE ASKED TO DECIDE PARTITION QUESTION

### Present Constituent Assembly Not Disturbed

***THE BRITISH GOVERNMENT HAVE PROMISED IMMEDIATE DOMINION STATUS TO INDIA—THIS YEAR—, AND THEIR PLAN BY WHICH THEY WILL END THEIR 200 YEARS OF RULE PUTS FULL RESPONSIBILITY FOR THE FUTURE OF INDEPENDENT INDIA DIRECTLY ON THE SHOULDERS OF THE INDIAN PEOPLE, LEAVING THEM THE CHOICE OF PARTITION OR OF MAKING UP THEIR DIFFERENCES FOR UNITY'S SAKE.***

*Two-Fold Purpose*

*The two-fold purpose of the plan, which was announced simultaneously to the Indian people and in both Houses of Parliament on Tuesday, is (1) to make possible the maximum degree of harmony and co-operation among the Indian*

### MR. CHURCHILL'S SUPPORT

*Speedy Legislation*

Mr. Winston Churchill sprang a surprise on Tuesday when, speaking in the House of Commons after Mr. Attlee had made the statement on India, he promised support to the legislation necessary to give parts of India full Dominion Status.

"It should not be right," he declared, "that such legislation should be deemed contentious or that any long delay should elapse after it is introduced and before it is passed into law."

(See Page 5)



Lord Mountbatten.

### "UNIFIED INDIA BEST SOLUTION"

### Viceroy's Appeal

### "THERE IS INDIAN CONSCIOUSNESS"

NEW DELHI, June 3.

The Viceroy, broadcasting to-night announced that His Majesty's Government had accepted his proposal that they should transfer power to one or two Governments of British India, each having Dominion Status as soon as

## *Only Practical Method*

### PREMIER'S VIEW

### *Plan Commended To Commons*

LONDON, June 3.

The Prime Minister, Mr. Attlee, announced in the House of Commons today that the British offer of Dominion Status to one or two successor Indian authorities had been favourably received by all the three parties represented at the conferences held by the Viceroy with the Indian leaders during the past few days.

The announcement was received with loud cheers.

Mr. Attlee who was announcing the Government's plan for transfer of power to Indians said that the British Government wished to make it clear that they have no intention of attempting to frame the ultimate constitution for India. This was a matter for Indians



## MR. NEHRU COMMENDS PLAN TO NATION

### Mr. Jinnah Hopeful Of League's Acceptance

### SARDAR BALDEV SINGH CALLS IT "SETTLEMENT"

NEW DELHI, June 3.

BROADCASTING to the nation immediately after the announcement of the British Government's plan, Pandit Jawaharlal Nehru said: "It is with no joy in my heart that I commend these proposals to you, though I have no doubt that this is the right course.

**"The proposal to allow certain parts to secede, if they so will, is painful for any of us to contemplate. Nevertheless I am convinced that our present decision is the right one even from the larger viewpoint."**

Mr. Jinnah, who followed Pandit Nehru, said the League's final decision could only be taken by the League Council on June 9, but so far as he could gather, "on the whole, the reaction in League circles in Delhi has been hopeful."

Sardar Baldev Singh, who also spoke, commended the plan as the best under the circumstances.

Pandit Nehru in his broadcast said: "Nearly nine months ago, soon after my assumption of office, I spoke to you from this place. I told you then that we were on the march and the goal had still to be reached. There

meet my people and to learn about their troubles at first hand.

"Today I am speaking to you on another historic occasion when a vital change affecting the future of India is proposed. You have just heard an announcement on behalf of the British Government. This announcement lays down a procedure for self-determination in certain areas of India. It envisages on the

BIJU KK, GHSS TUVVUR, MALAPPURAM 2021-22


केसरी.
HARIJAN
YOUNG INDIA.
Pragjee Soorjee & Co.
ANILINE AND ALIZARINE DYES
DIRECT COLOURS
NATIONAL

ഇന്ത്യൻ ജനതയെ അവർ അനുഭവിക്കുന്ന ചൂഷണത്തെയും അവകാശ  നിഷേധങ്ങളെയും പറ്റി ബോധവാൻമരാക്കുന്നതിൽ പത്രങ്ങൾവഹിച്ച പങ്ക് വ്യക്തമാക്കുക.

-ബ്രിട്ടീഷുകാർ ഇന്ത്യയുടെ പല ഭാഗത്തും നടത്തുന്ന അടിച്ചമർത്തലിനെയും മർദക ഭരണത്തെയും, കൂട്ടക്കൊലയേയും കുറിച്ച് ഇന്ത്യയിലെമ്പാടുമുള്ള ജനങ്ങൾക്ക് വിവരം നൽകി.

-ഇന്ത്യൻസമൂഹത്തിലെ തിന്മകൾക്കും അനാചാരങ്ങൾക്കും എതിരെ നടക്കുന്ന സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങളെകുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

-ബ്രിട്ടീഷ് ഭരണത്തിനെതിരായും ഇന്ത്യയിലെ സാമൂഹിക തിന്മകൾക്കെതിരായും പ്രതിഷേധിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു.

-ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സമത്വത്തിനുമായി ജനങ്ങൾ നടത്തുന്ന പോരാട്ടങ്ങളെക്കുറിച്ചു വിവരം നൽകി.


-ബ്രിട്ടീഷ് ഭരണത്തിന്റെ സാമ്പത്തിക ചൂഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.

-പ്ലേഗ്, ക്ഷാമം എന്നിവ മൂലം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പതിനായിരങ്ങൾ മരണപ്പെടുന്ന വിവരങ്ങൾ ജനങ്ങളിലെത്തിച്ചു.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

രാജാ റാം മോഹൻ റായി പുറത്തിറക്കിയ പത്രങ്ങൾ, ഭാഷ എന്നിവ പട്ടികപ്പെടുത്തുക.

| പത്രം | | ഭാഷ |
|---|---|---|
| സംബാദ്കൗമുതി | – | ബംഗാളിഭാഷ |
| മിറാത്-ഉൽ-അക്ബർ | – | പേർഷ്യൻഭാഷ |



## ദേശീയസമരകാലത്തെ പ്രധാന പത്രങ്ങളും നേതൃത്വം നൽകിയവരും

| പത്രങ്ങൾ | നേതാക്കൾ |
|---|---|
| ഹിന്ദു, സ്വദേശിമിത്രം | ജി. സുബ്രഹ്മണ്യ അയ്യർ |
| അമൃതബസാർ പത്രിക | ശിശിർകുമാർ ഘോഷ്, മോത്തിലാൽ ഘോഷ് |
| ബോംബെ സമാചാർ | ഫർദൂർജി മർസ്ബാൻ |
| കേസരി, മറാത്ത | ബാലഗംഗാധരതിലക് |
| ബംഗാളി | സുരേന്ദ്രനാഥ് ബാനർജി |
| വോയ്സ് ഓഫ് ഇന്ത്യ | ദാദാഭായ് നവ്റോജി |
| ഷോംപ്രകാശ് | ഈശ്വരചന്ദ്ര വിദ്യാസാഗർ |
| ന്യൂ ഇന്ത്യ, കോമൺവീൽ | മിസിസ് ആനിബസന്റ് |
| യങ് ഇന്ത്യ, ഹരിജൻ | മഹാത്മാഗാന്ധി |
| അൽ-ഹിലാൽ | മൗലാനാ അബുൽകലാം ആസാദ് |
| വന്ദേമാതരം | ലാലാ ലജ്പത് റായ് |
| നേഷൻ | ഗോപാലകൃഷ്ണ ഗോഖലെ |

ഇന്ത്യയിലെ വർത്തമാന പത്രങ്ങളെ നിയന്ത്രിക്കുന്നതിന് വേണ്ടി ബ്രിട്ടീഷുകാർ നടപ്പിലാക്കിയ നിയമം ഏത് ?
ഫലം എന്തെല്ലാം?

-ലിട്ടൻപ്രഭു (1878)നടപ്പിലാക്കിയ പ്രാദേശിഭാഷാ പത്രനിയമം.
-ഇതിലൂടെ പ്രാദേശിക ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾക്ക് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.
-ഇതിനെതിരെ ശക്തമായ പ്രക്ഷോഭത്തെത്തുടർന്ന് ബ്രിട്ടീഷ് ഗവൺമെന്റ് പ്രാദേശിക ഭാഷാ പത്രനിയമം പിൻവലിച്ചു.
ഫലം
അക്കാലത്ത് പത്രങ്ങൾ വായിക്കുന്നതും, അതിലെ വാർത്തകൾ പ്രചരിപ്പിക്കുന്നതും, പത്രങ്ങളെ സംരക്ഷിക്കുന്നതും ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായിട്ട് ജനങ്ങൾ കണക്കാക്കി എന്നതാണ്.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

ശരിയായ വിദ്യാഭ്യാസം ലഭിക്കുമെങ്കിൽ ഇന്ത്യൻ ജനത
എല്ലാവരുടെയും ആദരവിന് പാത്രമാകും.

**രാജാ റാം മോഹൻ റായ്**

പാവപ്പെട്ടവനും പണക്കാരനും വിദ്യാഭ്യാസം നേടിയാൽ, തങ്ങൾക്കെതിരെയുള്ള
കടന്നാക്രമണവും ക്രൂരതയും അടിച്ചമർത്തലും ഒറ്റക്കെട്ടായി നിന്ന്
ചെറുക്കാൻ അവർക്ക് കഴിയും.

**കേശബ് ചന്ദ്ര സെൻ**

വിദ്യാസമ്പന്നർ മാറ്റത്തിന്റെ വക്താക്കളാണ്.

**വീരേശലിംഗം**

# ഇന്ത്യയിൽ ദേശീയ സമരകാലഘട്ടത്തിൽ സ്ഥാപിതമായ വിദ്യാഭ്യാസ സ്ഥാപനങ്ങളും, സ്ഥാപകരും, ലക്ഷ്യങ്ങളും?

## ഡക്കാൺ എജ്യുക്കേൻ സൊസൈറ്റി(പൂനെ)



**ഫർഗുസൺ കോളേജ് – പൂനെ**

**BIJU KK, GHSS TUVVUR, MALAPPURAM 2021-22**

# ഡക്കാൺ എജ്യുക്കേഷൻ സൊസൈറ്റി(പൂനെ)

-സ്ഥാപകർ :- ജി ജി അഗാർക്കർ, ബാലഗംഗാധര തിലക്, മഹാദേവ ഗോവിന്ദ റാനഡെ എന്നിവർ ചേർന്ന് 1884ൽ.

-ഇന്ത്യാക്കാരുടെ സാമൂഹികവും സാംസ്ക്കാരികവും ആയ പുരോഗതി.

-മതേതര വിദ്യാഭ്യാസം എല്ലാവർക്കും നൽകുക എന്നിവയാണ് ലക്ഷ്യം

BIJU KK, GHSS TUVVUR, MALAPPURAM 2021-22

# വനിതാ സർവ്വകലാശാല(മഹാരാഷ്ട്ര)



-സ്ഥാപകൻ-ഡി.കെ.കാർവെ.

-സ്ത്രീകളുടെ ഉന്നമനം ലക്ഷ്യം.

# വിശ്വഭാരതി സർവ്വകലാശാല (ബംഗാൾ)



# വിശ്വഭാരതി സർവ്വകലാശാല (ബംഗാൾ)

-സ്ഥാപകൻ- രവീന്ദ്രനാഥടാഗോർ.

-രാഷ്ട്രങ്ങളുടെ അതിരുകൾക്കപ്പുറത്തുള്ള അന്തർദേശീയ സാഹോദര്യത്തിന് ഊന്നൽ നൽകി.

-പാശ്ചാത്യവും പൗരസ്ത്യവുമായ സംസ്ക്കാരങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള വിദ്യാഭ്യാസം.

# ജാമിയ മിലിയ ഇസ്‌ലാമിയ (അലിഗഡ്)



# ജാമിയ മിലിയ ഇസ്ലാമിയ (അലിഗഡ്)

–സ്ഥാപകർ :– മൗലാന മുഹമ്മദലി,
ഷൗക്കത്തലി,
ഡോ.സക്കീർ ഹുസൈൻ,
എം.എ.അൻസാരി.


–മതേതര വിദ്യഭ്യാസം പ്രോത്സാഹിപ്പിക്കുക.

# കേരള കലാമണ്ഡലം (തൃശ്ശൂർ)




IMAGE

BIJU KK, GHSS TUVVUR, MALAPPURAM 2021-22



BIJU KK, GHSS TUVVUR, MALAPPURAM 2021-22


# കേരള കലാമണ്ഡലം (തൃശ്ശൂർ)

-സ്ഥാപകൻ:- വള്ളത്തോൾ നാരായണമേനോൻ.

-പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെയും കലകളുടെയും കടന്നുകയറ്റം നിയന്ത്രിച്ച് ഇന്ത്യൻ കലകളെ സംരക്ഷിക്കുക.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

# വാർധാ വിദ്യാഭ്യാസം(1937)



# വാർധാ വിദ്യാഭ്യാസം(1937)

**-സ്ഥാപകൻ**

മഹാത്മ ഗാന്ധി,


**-ലക്ഷ്യം**

-തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുക.

-വിദ്യാർത്ഥിയായിരിക്കുമ്പോൾ ചില തൊഴിലുകൾ പഠിച്ചാൽ അത് ഭാവിജീവിതത്തിൽ ഗുണകരമാകുമെന്ന് ഗാന്ധിജി കരുതി.

-ഇത്തരത്തിൽ വളരുന്ന ഒരു തലമുറയിലൂടെ ബ്രിട്ടീഷുകാരെ പ്രതിരോധിക്കാമെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു.

ദേശീയവിദ്യാഭ്യാസം മുന്നോട്ടു വച്ച ചില ആശയങ്ങളാണ് പട്ടികയിൽ തന്നിട്ടുള്ളത്. ഈ ആശയങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിച്ച സ്ഥാപനങ്ങൾക്കുള്ള ഉദാഹരണങ്ങൾ പാഠഭാഗം പരിശോധിച്ച് കണ്ടെത്തുക.



| ദേശീയവിദ്യാഭ്യാസം മുന്നോട്ടുവച്ച ആശയങ്ങൾ | ഉദാഹരണങ്ങൾ |
|---|---|
| • മതേതരത്വം | • ജാമിയ മിലിയ ഇസ്‌ലാമിയ (അലിഗ |
| • ദേശീയത | • ഡക്കാൺ എജ്യുക്കേഷൻ സൊസൈറ്റി( |
| • സ്ത്രീകളുടെ ഉന്നമനം | • വനിതാ സർവ്വകലാശാല(മഹാരാഷ് |
| • അന്തർദേശീയത | • വിശ്വഭാരതി സർവ്വകലാശാല (ബംഗാ |
| • പാരമ്പര്യകലകളുടെ പുനരുദ്ധാരണം | കേരള കലാമണ്ഡലം (തൃശ്ശൂർ) |
| • വൈദേശികമേധാവിത്വം, ജാതിവ്യവസ്ഥ എന്നിവയോടുള്ള എതിർപ്പ്. | • വാർധാ വിദ്യാഭ്യാസം |

# ദേശീയ സമരകാലഘട്ടത്തിൽ രചിക്കപ്പെട്ട സാഹിത്യകൃതികളും പ്രതിപാദ്യവിഷയങ്ങളും.

-ഇന്ത്യൻ സമൂഹത്തിൽ നിലനിന്നജീർണതകൾക്കെതിരായ പ്രതിഷേധം.

-ബ്രിട്ടീഷുകാരുടെ സാമ്പത്തിക ചൂഷണത്തിനെതിരായ പ്രതിഷേധം.

-രാജ്യത്തിന്റെ ഓരോഭാഗത്തും ജനങ്ങൾ നേരിടുന്ന ദുരിതങ്ങളും പ്രതിസന്ധികളും.

-ഈ സാഹിത്യസൃഷ്ടികൾ വായിച്ച മറ്റു പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഈ ദുരിതങ്ങൾ തങ്ങളുടേതുകൂടിയാണെന്ന് അനുഭവപ്പെട്ടു.

-ഇന്ത്യൻ ജനത ഒറ്റക്കെട്ടായി ഈ വ്യവസ്ഥക്കെതിരെ പ്രതിഷേധിക്കാൻ മുന്നോട്ടുവന്നു എന്നതാണ് ഇതിന്റെ ഫലം.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

# ഇന്ത്യൻ ദേശീയ സമരകാലത്ത് ഇന്ത്യയിൽ രചിക്കപ്പെട്ട പുസ്തകങ്ങളും, രചയിതാക്കളും, പ്രമേയങ്ങളും.


*ആനന്ദമഠം - നോവൽ

-രചന – ബങ്കിൻ ചന്ദ്ര ചാറ്റർജി

-പ്രമേയം – ബംഗാളിലെ കർഷകരുടെ അവസ്ഥ.

-സമ്പന്നരും സാധാരണക്കാരും തമ്മിലുള്ള വ്യത്യാസം ജനങ്ങളെ ബോധ്യമാക്കാൻ കഴിഞ്ഞു.

-ഈ നോവലിൽ നിന്നാണ് നമ്മുടെ ദേശീയ ഗീതമായ വന്ദേമാതരം എടുത്തിട്ടുള്ളത്.



PLAY

# *നീൽദർപ്പൺ

# – നാടകം



രചന

– ദീനബന്ധു മിത്ര

പ്രമേയം

– ബംഗാളിലെ നീലം കർഷകർ അനുഭവിക്കുന്ന കൊടിയചൂഷണം.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

*സാരേ ജഹാം സേ അച്ഛാ

Play

– ഉറുദു കവിത,




രചന –

മുഹമ്മദ് ഇക്ബാൽ

പ്രമേയം –

–ഇന്ത്യയുടെ പ്രകൃതിഭംഗിയേയും ജനങ്ങളുടെഐക്യത്തെയും പാടിപ്പുകഴ്ത്തി.

–ഇവരുടെ കൃതികൾ ഇന്ത്യാ എന്ന ഏക രാഷ്ട്രത്തെക്കുറിച്ചുള്ള ബോധം ജനങ്ങളിൽ ജനിപ്പിച്ചു.

| കൃതികൾ | എഴുത്തുകാർ | ഭാഷ |
|---|---|---|
| • ഗോറ<br>• ഗീതാഞ്ജലി | • രവീന്ദ്രനാഥ ടാഗോർ<br> | • ബംഗാളി |
| • സേവാസദൻ<br>• പ്രേമാശ്രമം<br>• രംഗഭൂമി<br>• ഗോദാൻ | • പ്രേംചന്ദ്<br> | • ഹിന്ദി |
| • പാഞ്ചാലിശപഥം<br>• കളിപ്പാട്ട്<br>• കണ്ണൻപാട്ട്<br>• കുയിൽപാട്ട് | • സുബ്രഹ്മണ്യഭാരതി<br> | • തമിഴ് |
| • ഹയാത്ത്-ഇ-സാദി,<br>• ഹയാത്ത്-ഇ-ജവീദ് | • അൽത്താഫ് ഹുസൈൻ ഹാലി<br> | • ഉർദു |
| • നിബന്ധമാല | • വിഷ്ണുകൃഷ്ണ ചിപ്ളൂങ്കർ<br> | • മറാത്തി |
| • എന്റെ ഗുരുനാഥൻ<br>• ബാപ്പുജി<br>• ഇന്ത്യയുടെ കരച്ചിൽ | • വള്ളത്തോൾ നാരായണ മേനോൻ<br> | • മലയാളം |

# വരിക വരിക സഹജരേ

- അംശി നാരായപിള്ള
- മലയാളം



## ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിന് ചിത്രകാരൻമാർ വഹിച്ച പങ്ക് വ്യക്തമാക്കുക.

–ഇന്ത്യൻ ചിത്രകലയെ പാശ്ചാത്യ സ്വാധീനത്തിൽ നിന്നും മോചിപ്പിച്ചു.

–ഭാരതീയ സംസ്കാരത്തിലും പാരമ്പര്യത്തിലും അടിയുറച്ച പൗരസ്ത്യ  ചിത്രകലയെ പ്രോത്സാഹിപ്പിച്ചു.

–ജന മനസുകളിൽ ദേശീയതയുടെ ബിംബങ്ങൾ സൃഷ്ടിച്ചു

–ദുരാചാരങ്ങൾക്കെതിരെ സാമൂഹിക മനോഭാവം സൃഷ്ടിച്ചു.

–ഇന്ത്യൻ ഗ്രാമങ്ങളിലെ ജീവിത ദുരിതങ്ങൾ തുറന്ന് കാട്ടി.

–ഇവരുടെ ചിത്രങ്ങൾ ഇന്ത്യക്കാരുടെ മനസ്സിൽ ഒരോറ്റ ഇന്ത്യയുടെ ചിത്രം വരച്ചു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ രചികപ്പെട്ട ചിത്രങ്ങൾ, ചിത്രകാരന്മാർ, പ്രമേയം എന്നിവ പട്ടിക പ്പെടുത്തുക.

*ഭാരതമാത.*



BIJU KK, GHSS TUVVUR, MALAPPURAM 2021-22


-<u>ചിത്രകാരൻ</u>

അബനീന്ദ്രനാഥ ടാഗോർ.

-<u>പ്രമേയം</u>


ഇന്ത്യൻ ജനങ്ങൾക്ക് ആഹാരം വസ്ത്രം എന്നിവ നൽകുന്ന ഭാരതമാതാവ്.

-അബനീന്ദ്രനാഥ ടാഗോർ പൗരസ്ത്യ ചിത്രകലയുടെ പ്രോത്സാഹനത്തിനായി കൽക്കത്തയിൽ ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്സ് സ്ഥാപിച്ചു.



## * ശാകുന്തളത്തിലെ രംഗം.


-ചിത്രകാരൻ-രാജാ രവിവർമ്മ.
-പ്രമേയം പുരാണങ്ങളിലെയും സാഹിത്യങ്ങളിലെയും സന്ദർഭങ്ങൾ.



IMAGE

* സതി , ഗ്രാമീണചെണ്ടക്കാരൻ.







–ചിത്രകാരൻ നന്ദലാൽ ബോസ്


Image

–പ്രമേയം  സാമൂഹിക ദുരാചാരങ്ങളും, ചരിത്ര സംഭവങ്ങളും,

## * ഗ്രാമീണ ജീവിതം.





–ചിത്രകാരി – അമൃതാ ഷേർഗിൽ

IMAGE

–പ്രമേയം ഇന്ത്യൻ ഗ്രാമങ്ങളിലെ ദുരിത ജീവിതം.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

# ഇന്ത്യൻ ജനതയിൽ ദേശീയ ഐക്യം വളർത്താൻ സഹായിച്ച ദേശീയ ചിഹ്നങ്ങൾ

## ദേശീയ പതാക




–1947–ലാണ് ഇന്നത്തെ ത്രിവർണ്ണ പതാക സ്വീകരിച്ചത്.

# ദേശീയ മുദ്ര



–സാരനാഥിലെ അശോക സ്തംഭത്തിൽ നിന്നും എടുത്തതാണ് നമ്മുടെ ദേശീയ മുദ്ര

BIJU KK, GHSS TUVVUR, MALAPPURAM 2021-22

# ചർക്ക



-ഇന്ത്യൻ ജനതയുടെ സ്വാശ്രയത്വത്തിന്റെയും വിദേശ ആധിപത്യത്തിനെതിരായ പ്രതിഷേധത്തിന്റെയും പ്രതീകമായിരുന്നു ചർക്ക.

-ഗാന്ധിജിയുടെ നേതൃത്വത്തിൽ ചർക്കയോടുകൂടിയ ദേശീയപതാക രൂപീകരിച്ചു.

# ALL THE BEST

BIJU KK

GHSS TUVVUR

MALAPPURAM - 9778300200